(ബി) 'ഹരിതോത്സവം' എന്ന പദ്ധതി 2002-03 സാമ്പത്തിക വർഷത്തിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുകയുണ്ടായി. സംസ്ഥാനത്തെ പതിനാലു ജില്ലകളിലെയും നാഷണൽ ഹൈവേകളുടേയും സ്റ്റേറ്റ് ഹൈവേകളുടേയും ഇരുവശങ്ങളിലും മറ്റു തരിശുഭൂമികളിലും സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ കോമ്പൗണ്ടുകളിലും തണൽമരങ്ങൾ, പൂമരങ്ങൾ, ഔഷധ വൃക്ഷങ്ങൾ എന്നിവ നട്ടുവളർത്തുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണിത്. വിദ്യാഭ്യാസം, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടെയും എൻ.എസ്.എസ്. വേൾഡ് വൈഡ് ഫണ്ട് തുടങ്ങിയ സംഘടനകളുടെയും പൊതുജനങ്ങളുടെയും സമ്പൂർണ്ണ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

ഇങ്ങനെ നട്ടുവളർത്തുന്ന തൈകളുടെ സംരക്ഷണം വനംവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ വിവിധ കോളേജുകളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരെയാണ് ഏല്പിച്ചിട്ടുള്ളത്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ഗവൺമെന്റ് എടുത്ത വായ്പകളുടെയും ബോണ്ടുകളുടെയും പലിശ നിരക്ക്

1 [4739] ശ്രീ. എ. സുജനപാൽ:
„ എൻ. ശക്തൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ജോർജ്ജ് ജെ. മാത്യു:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ളതും നിലവിലുള്ളതും ആയ വായ്പകൾ, ബോണ്ടുകൾ മുതലായവയുടെ പലിശ നിരക്ക് എത്ര വീതമാണ്;

(ബി) ഈ വായ്പകൾ എന്നേക്ക് വീട്ടേണ്ടതും ബോണ്ടുകളുടെ തുക എന്നേക്ക് കൊടുക്കേണ്ടതുമാണെന്ന് പറയുമോ;

(സി) ഇപ്പോഴുള്ള മാർക്കറ്റ് നിലവാരപ്രകാരം വായ്പകളിൻമേലുള്ള പലിശ യെത്രയാണ്;

(ഡി) ഇപ്പോഴത്തെ പലിശനിരക്ക് കുറവാണെങ്കിൽ ഗവൺമെന്റിന്റെ നിലവിലുള്ള വായ്പകളുടെയും ബോണ്ടുകളുടെയും തുക തിരിച്ച് നൽകുന്നതിനായി പുതിയ ലോണെടുക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഇ) പുതിയ ലോണെടുത്ത് പഴയ വായ്പകളുടെയും ബോണ്ടുകളുടെയും തുക കൊടുക്കുന്നപക്ഷം പലിശയിനത്തിൽ എന്തു കുറവ് വരുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റിന്റെ ബോണ്ടുകൾ വഴി സമാഹരിക്കുന്ന പൊതു കടത്തിന് 14% മുതൽ 6.20% വരെ പലിശ നിരക്ക് ബാധകമാണ്. ഇതുകൂടാതെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ പലിശനിരക്ക് താഴെപ്പറയും പ്രകാരമാണ്:

എൽ.ഐ.സി.	8% —13%
ജി.ഐ.സി.	8.5% —13%
നബാർഡ്	13% —7.5%
എൻ.സി.ഡി.സി.	12% —16%
എ. ഡി. ബി.	10.5%

(ബി) ഗവൺമെന്റ് ബോണ്ടുകളുടെ കാലാവധി 10 വർഷമാണ്. നിലവിലുള്ള ബോണ്ടുകളുടെ തുക 2013-ഓടെ തിരിച്ചു നൽകിക്കഴിയും. എൽ.ഐ.സി./ജി.ഐ.സി. വായ്പകൾ 2027 ആകുമ്പോഴേയ്ക്കും തിരിച്ചടയ്ക്കാനാകും. നബാർഡ് വായ്പകൾ 2012-ഓടെയും അധിക കേന്ദ്ര സഹായമായി ലഭിക്കുന്ന ADB വായ്പ 20 വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടതാണ്.

(സി) റിസർവ്വ് ബാങ്കിന്റെ ഏറ്റവും ഒടുവിലത്തെ പ്രഖ്യാപനം അനുസരിച്ചുള്ള പലിശ നിരക്ക് 6.20 % ആണ്.

(ഡി) റിസർവ്വ് ബാങ്ക് സംസ്ഥാനങ്ങളുടെ ഋണബാദ്ധ്യത ലഘൂകരിക്കുന്നതിനായി Debt Swap Scheme എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) പലിശയിനത്തിൽ വരുന്ന കുറവ് വിലയിരുത്താറായിട്ടില്ല.

ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്ക് വകയിരുത്തിയ തുക

2 [4740] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ എത്ര കോടി രൂപയുടെ വാർഷിക പദ്ധതിയായിരുന്നു വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതിൽ കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്ക് മാത്രമായി ഓരോ വർഷവും വകയിരുത്തിയ തുക എത്ര വീതമായിരുന്നു;

(സി) ഈ കാലയളവിൽ ഓരോ വർഷവും കൃഷി, ഊർജ്ജം, വ്യവസായം എന്നിവയ്ക്കായി ചെലവ് ചെയ്ത തുക എത്ര;

LIBRARY ARCHIVES Kerala Legislative Assembly